**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ മോണിറ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവഹണം, ഫലപ്രാപ്തി മോണിറ്ററിംഗ്, പരാതി പരിഹാരം തുടങ്ങിയവ വിലയിരുത്തുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ ചെയർമാനായി നിരീക്ഷണ സമിതി രൂപീകരിക്കുവാൻ 20/05/2022 തീയതിയിലെ സ.ഉ (കൈ) നം. 24/2022/SCSTDD നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് . (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.)<br><br><u>സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.</u><br><br>1. ചെയർമാൻ - എം.എൽ.എ<br><br>2. കൺവീനർ - പട്ടികജാതി വികസന ഓഫീസർ (ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ)<br><br>3. അംഗങ്ങൾ<br><br>1. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, സെക്രട്ടറിമാർ.<br><br>2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ.<br><br>3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ<br><br>4. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ |

5. ബ്ലോക്ക് / മുനിസിപ്പാലിറ്റി / കോർപ്പറേഷനിലെ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ.

സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയാണ് സമിതിയുടെ പ്രധാന പ്രവർത്തനം. കൂടാതെ സമൂഹ മാധ്യമങ്ങൾ വഴി ക്ഷേമ പദ്ധതികളുടെ വിവരം പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ വെബ് സൈറ്റിൽ പദ്ധതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായുള്ളവ ഉൾപ്പെടെ എല്ലാ പദ്ധതികളും സംസ്ഥാനതലത്തിൽ വകുപ്പ് മന്ത്രി, സെക്രട്ടറി, ഡയറക്ടർ തലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുന്നുണ്ട് . കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടർ, പ്രോജക്ട് ഓഫീസർ / ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ സാന്നിദ്ധ്യത്തിൽ വിലയിരുത്തുന്നുണ്ട്. ഇതു കൂടാതെ ഓരോ ജില്ലയുടേയും പദ്ധതി പുരോഗതി ഡയറക്ടറേറ്റിലെ നിയന്ത്രണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിലയിരുത്തി വരുന്നുണ്ട്. ഇതേ നിലയിൽ പട്ടികജാതി വികസന വകുപ്പിലും വിലയിരുത്തൽ നടക്കുന്നു.

പട്ടികജാതി വികസന വകുപ്പിന്റേയും പട്ടികവർഗ്ഗ വികസന വകുപ്പിന്റേയും പ്ലാൻ ഫണ്ട് വിനിയോഗവിവരങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യുന്നതിന് 'പ്ലാൻ സ്പെയ്സ്' എന്ന സംവിധാനം നിലവിലുണ്ട്. ഇതിലൂടെ ഓരോ പദ്ധതിയിലും വിനിയോഗിക്കുന്ന വിവരം അറിയാൻ സാധിക്കുന്നതാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.

പട്ടികവിഭാഗ വികസന വകുപ്പുകളിൽ ലഭ്യമാകുന്നതും, വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ ലഭ്യമാകുന്നതുമായ പരാതികൾ സമയപരിധിക്കുള്ളിൽ പരിഹരിക്കുന്നതിന് ജില്ലാ ഓഫീസുകൾ മുഖേനയും ഡയറക്ടറേറ്റ് മുഖേനയും നടപടികൾ സ്വീകരിക്കാറുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികളെക്കുറിച്ചും, ടി വിഭാഗത്തിന്റെ

| | | | |
|---|---|---|---|
| | | | വിവിധ സേവനങ്ങളെ കുറിച്ചും പട്ടികവർഗ്ഗക്കാർക്കും, പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉണ്ടാകുന്ന വിവിധ സംശയങ്ങളും വിവരങ്ങളും വകുപ്പിൽ നിന്ന് അറിയിക്കുന്നതിനായി ഒരു ടോൾ ഫ്രീ നമ്പർ സേവനം പട്ടികവർഗ്ഗ വികസന വകുപ്പ് 2017 വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങളെകുറിച്ചും ചികിത്സ സംബന്ധിച്ചും ഭവന നിർമ്മാണം മറ്റ് ധനസഹായങ്ങൾ തുടങ്ങിയ എല്ലാ പദ്ധതികളെക്കുറിച്ചുള്ള സംശയങ്ങളും അന്വേഷണങ്ങളും ദൂരീകരിക്കുന്നതിന് ഈ സംവിധാനത്തിലൂടെ കഴിയുന്നുണ്ട്. പട്ടികവർഗ്ഗ ഡയറക്ടറേറ്റ് പട്ടികവർഗ്ഗ നഗറുകളും തമ്മിലുള്ള ഒരു ചാനലായി ഈ സംവിധാനം പ്രവർത്തിക്കുന്നുണ്ട് .<br><br>കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം (സി.എം.ഒ പോർട്ടൽ) വഴി ലഭ്യമാകുന്ന പരാതികൾ സമയപരിധിക്കുള്ളിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സമയബന്ധിതവും വികേന്ദ്രീകൃതവുമായ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് വിജിലൻസ് വിഭാഗം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താൻ കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ ബ്ലോക്ക് / മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ ഓഫീസുകളും ഹോസ്റ്റൽസ്, എം.ആർ.എസ് എന്നിവ സന്ദർശിക്കുകയും കർശന നിർദ്ദേശങ്ങൾ നൽകുകയും രേഖകൾ പരിശോധിക്കുകയും ചെയ്തു വരുന്നുണ്ട്. പരാതികൾ സമയബന്ധിതമായി അന്വേഷിക്കുകയും ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു വരുന്നു. കൂടാതെ വകുപ്പുതല ഓഡിറ്റ് കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ വകുപ്പിന്റെ ക്ഷേമപദ്ധതികളെല്ലാം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>* പട്ടിക വിഭാഗ വികസന വകുപ്പുകളിലെ ഓരോ പദ്ധതികളിലും കേരള സംസ്ഥാന പ്ലാനിങ് ബോർഡിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്ലാൻ സ്പേസ് വഴി ഫണ്ടിന്റെ ഉപയോഗം, കുടിശിക |

| | | | |
|---|---|---|---|
| | | | എന്നിവയുടെ വിവരങ്ങൾ ഓഫീസുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കി സുതാര്യത ഉറപ്പാക്കുന്നു.<br><br>* എല്ലാ പദ്ധതികളിലും സുതാര്യ മെക്കാനിസം, റിവ്യൂ മീറ്റിംഗുകൾ, വിവിധ തലങ്ങളിൽ നിരീക്ഷണ കമ്മിറ്റികൾ എന്നിവ പ്രായോഗികമായി നടപ്പിലാക്കുന്നു.<br><br>* DBT (Direct Benefit Transfer) വഴി സഹായം നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് എത്തിക്കുന്നു.<br><br>* വകുപ്പ്തല പരിശോധനകൾക്കായി പ്രത്യേക പരിശോധന സംഘത്ത രൂപീകരിക്കരിക്കുന്നതിനും സമയബന്ധിതമായി പരിശോധനകൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>* ആഭ്യന്തര ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ചാലുടൻ ധനകാര്യ വകുപ്പിലേക്ക് റിപ്പോർട്ട് കൈമാറുന്നതാണ്.<br><br>* പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വീഴ്ചകൾക്ക് ബന്ധപ്പെട്ട അധികാരികൾക്ക് സ്പഷ്ടമായ നിർദ്ദേശങ്ങൾ നൽകുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

## പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്

**സ ഉ (കൈ) നം. 24/2022/SCSTDD** **തീയതി, തിരുവനന്തപുരം, 20.05.2022**

---

## ഉത്തരവ്

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി നടത്തിപ്പിന് മേൽനോട്ടം വഹിക്കുവാൻ നിയമസഭ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർ/അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. <u>ചെയർമാൻ</u>
   എം.എൽ.എ
2. <u>കൺവീനർ</u>
   പട്ടികജാതി വികസന ഓഫീസർ (ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ).
3. <u>അംഗങ്ങൾ</u>

1. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ.
2. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ.
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ.
4. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ.
5. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രണബ്ജ്യോതി ഐ എ എസ്**
**സെക്രട്ടറി**

ഡയറക്ടർ പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം

ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ (പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ മുഖാന്തിരം)

അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ (പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ മുഖാന്തിരം)

പൊതുഭരണ (എസ്.സി) വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി എം) വകുപ്പ്

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പി.എസ്സ്. ന്.

2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്